നം.20/2017/SRG/CC/16

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.12.2017 –ൽ കൂടിയ യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ച കഴിഞ്ഞ് 2.00 മണിക്ക് ബഹു. തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു.മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരം ഹാജർ രജിസ്റ്റർ പ്രകാരം

### 1.പദ്ധതി പുരോഗതി അവലോകനം

=========================

ഇതുവരെയുള്ള ആകെ പദ്ധതി ചെലവ് 29.10 ശതമാനമാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | - | 32.07 | ശതമാനം |
| ബ്ലോക്ക് പഞ്ചായത്ത് | - | 31.97 | ,, |
| മുനിസിപ്പാലിറ്റി | - | 29.28 | ,, |
| കോർപ്പറേഷൻ | - | 25.84 | ,, |
| ജില്ലാ പഞ്ചായത്ത് | - | 17.42 | ,, |
| **ആകെ** | | **29.10** | **ശതമാനം** |

=============

ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് തിരുവനന്തപുരം ജില്ലയിലും ( 31.27 ശതമാനം) ഏറ്റവും കുറവ് കോഴിക്കോട് ജില്ലയിലും (26.93 ശതമാനം) ആണ്. പൊതു വിഭാഗം പദ്ധതി ചെലവ് 28.78 ശതമാനവും എസ്.സി.എസ്.പി. പദ്ധതി ചെലവ് 22.68 ശതമാനവും റ്റി.എസ്.പി. പദ്ധതി ചെലവ് 22.23 ശതമാനവും ആണ്.

### 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം സ്വീകരിക്കേണ്ട വിഷയങ്ങൾ

================================================================

### 2.1 13.09.2017-ലെ കോർഡിനേഷൻ കമ്മിറ്റിയോഗത്തിലെ തീരുമാനപ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ

(II) ഖണ്ഡിക നം.2.2.7

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2017-ലെ 82/2017/DPO /Kannur നമ്പർ കത്ത്.**

സോളാർ എനർജിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാനും സാങ്കേതികാനുമതിക്കുമായി ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ്.

(നടപടി:- തദ്ദേശസ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്)

**2.2 19.10.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 3.4**

ഹോമിയോ മരുന്നുകൾ ലഭിക്കുന്നതിന് HOMCO-യിലേയ്ക്കും ആയുർവേദ മരുന്ന ലഭിക്കുന്നതിന് ഔഷധിയിലേയ്ക്കും പണമടച്ചാൽ മരുന്ന ലഭിക്കാൻ കാലതാമസ മുണ്ടാകുന്നുണ്ട്.

ഇപ്രകാരം കാലതാമസമുണ്ടാകുന്നുവെങ്കിൽ ടെണ്ടർ/ക്വട്ടേഷൻ വിളിച്ച് അതാതു മെഡിക്കൽ ഓഫീസർക്ക് മരുന്ന് പുറമെ നിന്നു വാങ്ങാവുന്നതാണ് എന്നത് സംബന്ധിച്ച ഉത്തരവ്/സർക്കുലർ

(നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**2.3 01.11.2017-ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ**

**ഖണ്ഡിക 3.9**

തദ്ദേശഭരണ സ്ഥാപനങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയവയിൽ വിവിധ പ്രവൃത്തികൾക്ക് ഡെപ്പോസിറ്റ് ചെയ്യാനുള്ള തുക 31.12.2017-നകം നൽകണം. ഇതു സംബന്ധിച്ച സർക്കുലർ

നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

**2.4 15.11..2017-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം സ്വീകരിക്കേണ്ട നടപടികൾ**

**ഖണ്ഡിക 3.3**

വയനാട് ജില്ലയിൽ കരിങ്കൽ ക്വാറികൾക്ക് നിയന്ത്രണമുള്ളതിനാൽ കരിങ്കല്ലിനു വില കൂടുതലാണ്. അതിനാൽ നിലവിലെ നിരക്കു പ്രകാരം ആരും ടെണ്ടർ എടുക്കുന്നില്ല. വയനാട് ജില്ലയിലേയും വൈപ്പിൻകരയിലേയും പോലുള്ള ഇത്തരം മേഖലകളുടെ പ്രശ്നം പരിഹരിക്കുന്നതിന് ഫയൽ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്. ഇതിന്മേൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

നടപടി:-1) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ

**ഖണ്ഡിക 3.7**

സാമൂഹ്യനീതിവകുപ്പ് സംസ്ഥാനത്ത് 69 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഒരെണ്ണത്തിന്റെ യൂണിറ്റ് ചെലവ് 14.50 ലക്ഷം രൂപ. സാമൂഹ്യനീതി വകുപ്പ് ഇതിനായി 600.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആകെ ചെലവിന്റെ 60 ശതമാനം തുക വകുപ്പ് നൽകും. തദ്ദേശഭരണ സ്ഥാപനം 40 ശതമാനം (5.80 ലക്ഷം രൂപ) തുക നൽകണം. ഇപ്രകാരം തദ്ദേശഭരണ സ്ഥാപനം തുക വകയിരുത്തിയാൽ മാത്രമേ വകുപ്പ് തുക അനുവദിക്കുകയുള്ളൂ എന്ന് സാമൂഹ്യനീതി വകുപ്പ് അറിയിച്ചിരുന്നു. തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ 40 ശതമാനം തുക ഓരോ ജില്ലയിലേയും പി.ഡബ്ല്യൂ.ഡി (കെട്ടിടം) എക്സിക്യൂട്ടീവ്

എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യാൻ സാമൂഹ്യനീതി വകുപ്പ് ആവശ്യപ്പെട്ടിരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എഞ്ചിനീയറിംഗ് വിഭാഗമുള്ളതിനാൽ പദ്ധതി പഞ്ചായത്ത് മുഖേന നടപ്പിലാക്കേണ്ടതാണെന്നും, സാമൂഹ്യനീതി വകുപ്പ് തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക കൈമാറുന്നതാണ് അഭികാമ്യമെന്നും യോഗം വിലയിരുത്തി. ഇത് സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട്.

നടപടി: 1) തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ്
2) ഡയറക്ടർ. സാമൂഹ്യനീതി വകുപ്പ്

## ഖണ്ഡിക 3.8

കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.10.2017-ലെ തീരുമാനപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയ സ്ഥാപനങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് ചെയ്ത തുക യെ രണ്ടായി തിരിച്ച് 2017-18 വർഷത്തിനു മുമ്പുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ (കാറ്റഗറി A), 2017-18 ലെ പ്രവൃത്തികൾ (കാറ്റഗറി B) സംബന്ധിച്ച വിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറകടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർക്ക് നൽകിയിട്ടുണ്ട്.

ഇപ്രകാരം ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ വകുപ്പുമേധാവികൾ വിലയിരുത്തണം. ലഭിച്ച തുക, ചെലവ്, ഭൗതിക നേട്ടം, ഇനി നടപ്പാക്കാനുള്ള പ്രവൃത്തികൾ, എന്നു പൂർത്തിയാകും തുടങ്ങിയ വിവരങ്ങൾ ഓരോ ജില്ല തിരിച്ചും പ്രൊഫോർമയിൽ കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവഹണം സംബന്ധിച്ച് പ്രത്യേക അവലോകനം നടത്തണം. ഈ വിവരങ്ങൾ തയ്യാറാക്കുന്നതിന് കൂടുതൽ സമയം ആവശ്യമുണ്ട് എന്ന് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ അറിയിച്ചുവെങ്കിലും ഇതുവരെ സ്വീകരിച്ച നടപടികൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ)

## ഖണ്ഡിക 3.9

കാഴ്ചശക്തി ഇല്ലാത്തവർക്ക് ഉപയോഗിക്കാവുന്ന വാച്ച് കാഴ്ചശക്തിയില്ലാത്ത വിഭാഗങ്ങൾക്ക് നൽകാവുന്നതാണ് എന്നത് സംബന്ധിച്ച ഉത്തരവ്

(നടപടി :തദ്ദേശസ്വയംഭരണ(ഡി.എ )വകുപ്പ്

**ഖണ്ഡിക 3.11**

പദ്ധതി പുരോഗതിയിൽ ഈ വർഷത്തെ പുതിയ പ്രോജക്ടുകളിന്മേലുള്ള ചെലവും സ്പിൽ ഓവർ പ്രോജക്ടുകളുടെ ചെലവും പ്രത്യേകമായി തദ്ദേശസ്വയംഭരണവകുപ്പ് സൈറ്റിൽ ഇടുന്നതിനുള്ള ക്രമീകരണം ചെയ്തുകൊണ്ടിരിക്കുകയാണെന്ന് ഐ.ക.എം. പ്രതിനിധി അറിയിച്ചു. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് പൂർത്തിയാക്കണം.

(നടപടി :എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

**ഖണ്ഡിക 4.7**

**ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.06.2017-ലെ കത്ത്**

പഞ്ചായത്ത് ഈ വർഷം ശുചിത്വം ശുചിമുറി എന്ന പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 7000/- രൂപ നൽകാനാണ് ഉദ്ദേശിക്കുന്നത്. കക്കൂസ് അറ്റകുറ്റപ്പണി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ലാത്തതിനാൽ കക്കൂസ് അറ്റകുറ്റപ്പണിക്ക് അനുമതി സംബന്ധിച്ച്.

തീരുമാനം :- ഓവർസീയർ/എഞ്ചിനീയർ എടുക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണി നടത്താൻ അനുമതി നൽകുന്നു.

(നടപടി :തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്)

**ഖണ്ഡിക 4.9**

**അയ് മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.10.2017-ലെ കത്ത്**

കക്കൂസ് അറ്റകുറ്റപ്പണിക്ക് വാർഷിക പദ്ധതിയിൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. വർഷകാലമായതിനാൽ മിക്ക വീടുകളിലും വെള്ളം കയറും. ടൈൽ ഇടുന്നതടക്കം മെയിന്റനൻസ് നടത്താൻ ഉദ്ദേശിക്കുന്നു. മാർഗരേഖയിൽ കക്കൂസ് മെയിന്റനൻസ് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കക്കൂസ് അറ്റകുറ്റപ്പണിക്ക് അനുമതി സംബന്ധിച്ച്

**തീരുമാനം:-** ഓവർസീയർ/എഞ്ചിനീയർ എടുക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണി നടത്താവുന്നതാണ്. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചതനുസരിച്ച് എസ്റ്റിമേറ്റ് തുക പരമാവധി 9,240/- രൂപ ആയിരിക്കണം. ഇതിന്റെ 10 ശതമാനം ഗുണഭോക്താവ് വഹിക്കണം.

**നടപടി: തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

**ഖണ്ഡിക 4.15**

**കാസറഗോഡ് ജില്ലാ കളക്ടറുടെ 19.09.2017-ലെ 704/17/DPC/DPO/KSD – നമ്പർ കത്ത്**

കാസർഗോഡ് ജില്ലയിൽ നടന്ന പദ്ധതി അവലോകനത്തിന്റെ റിപ്പോർട്ട് ജില്ലാ കളക്ടർ നൽകിയിട്ടുണ്ട്. അതിൽ ക്രമനം. 7 ആയി അങ്കണവാടി വർക്കർമാർക്കുള്ള

അധിക ഓണറേറിയം ഗ്രാമപഞ്ചായത്തുകൾ നൽകണോ എന്നതിന്മേൽ സാമൂഹ്യനീതി ഡയറക്ടറുടെ അഭിപ്രായം

(നടപടി :1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്)
സാമൂഹ്യനീതി ഡയറക്ടർ)

## ഖണ്ഡിക 4.34

**നീലം പേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.11.2017-ലെ A7-8361/16ാം നമ്പർ കത്ത്**

കഴിഞ്ഞ വേനൽകാലത്ത് റവന്യൂ വകുപ്പ മുഖേന പ്രതിദിനം 5000 ലിറ്റർ വീതം കുടിവെള്ളം വിതരണം ചെയ്തിരുന്നു. ഇത് തികയാതെ വന്നപ്പോൾ 12.04.2017-മുതൽ 24.05.2017 വരെ പഞ്ചായത്ത് നേരിട്ട് കുടിവെള്ളം വിതരണം ചെയ്തു. എന്നാൽ ക്വട്ടേഷൻ നടപടി സ്വീകരിക്കാതെയാണ് ഏജൻസിയെ തെരഞ്ഞെടുത്തത്. ഏജൻസിക്ക് 2,59,116/- രൂപ നൽകാനുണ്ട്. ഈ തുക നൽകാൻ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം. 181/2017-18) ക്വട്ടേഷൻ നടപടി കൂടാതെ ചെയ്ത പ്രവൃത്തിക്ക് സാധൂകരണവും പ്ലാൻ ഫണ്ടിൽ നിന്ന് തുക നൽകാനും അനുമതി സംബന്ധിച്ച്.

**തീരുമാനം:-** തുക നൽകാമെന്ന് പഞ്ചായത്ത് ഡയറക്ടർ യോഗത്തിൽ അറിയിച്ചതനുസരിച്ച് അനുമതി നൽകുന്നു. തുക തനത് ഫണ്ടിൽ നിന്നും നൽകണം.

നടപടി: തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

**4.41 കരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.10.2017-ലെ A1/17-ാം നമ്പർ കത്ത്**

പുതിയ കക്കൂസ് നിർമ്മിക്കുന്നതിന് പൊതു വിഭാഗത്തിന് 6,93,000/- രൂപയും പട്ടികജാതി വിഭാഗത്തിന് 4,62,000/- രൂപയും ഉൾപ്പെടുത്തി പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 15,400/- രൂപയാണ് യൂണിറ്റ് നിരക്ക്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

തീരുമാനം :- അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

## ഖണ്ഡിക 4.42

**മീനച്ചിലാർ- മീനന്തറയാർ - കൊടൂരാർ പുനർ സംയോജന പദ്ധതി കോഓർഡിനേറ്റർ അഡ്വ. കെ.അനിൽ കുമാറിന്റെ കത്ത്**

ഫ്ലാറ്റുകൾ, ലോഡ്ജുകൾ, ഹോട്ടലുകൾ, വീടുകൾ എന്നിവയുടെ മാലിന്യ കുഴലുകൾ മീനച്ചിലാർ, മീനന്തലയാർ, കൊടുരാർ എന്നീ നദികളിലേയ്ക്കും തോടുകളിലേയ്ക്കും മറ്റു നെൽപാടങ്ങളിലേയ്ക്കും സ്ഥാപിച്ചിട്ടുണ്ട്. ഇതു കണ്ടെത്താൻ വിപുലമായ സർവേ നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

ജില്ലാ ശുചിത്വ മിഷൻ പരിശോധിച്ച് സർവേയ്ക്ക് വിധേയമാക്കേണ്ട പ്രദേശം, ഏതൊക്കെ പഞ്ചായത്തു കൾ എന്നീ വിവരങ്ങൾ, ഫോട്ടോ തുടങ്ങിയവ ശുചിത്വ മിഷൻ ഡയറക്ടർ മുഖേന നൽകണം എന്ന് നിർദ്ദേശിച്ചതനുസരിച്ച് ശുചിത്വ മിഷൻ ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിന്മേൽ താഴെപറയുന്ന തീരുമാനമെടുത്തു.

**തീരുമാനം -** ഇതു സംബന്ധിച്ച് സർവേ നടത്താൻ ഈ നദികൾ/തോടുകൾ കടന്നുപോകുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി കൾക്കും തനത് ഫണ്ടിൽ നിന്നും തുക വകയിരുത്താ വുന്നതാണ്. ജില്ലാ ശുചിത്വ മിഷൻ പരിപാടി കോഓർഡിനേറ്റ് ചെയ്യേണ്ടതാണ്. മറ്റു പ്രചരണ പരിപാടികളും ശുചിത്വ മിഷന്റെ നേതൃത്വത്തിൽ നടത്താവുന്നതാണ്.

നടപടി: തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

## ഖണ്ഡിക 4.43

**കോട്ടയം ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 09.11.2017-ലെ B1863/2017-ാം നമ്പർ കത്തും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.07.2017-ലെ B4-328/17-ാം നമ്പർ കത്തും**

2016-17-ൽ ക്ഷീര വികസനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

പ്രോ.നം. 770/17 – ക്ഷീര വർദ്ധിനി (വനിത) അടങ്കൽ 1,77,50,000/- രൂപ

പ്രോ.നം. 1002/17 – ക്ഷീര വർദ്ധിനി (ജനറൽ) അടങ്കൽ 1,64,00,000/- രൂപ

ആകെ 3,41,50,000/- രൂപ

===========

ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതായിരുന്നു പ്രവർത്തനം. ഇത് വെറ്റിംഗ് ഓഫീസർ അംഗീകരിച്ചില്ല. സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിക്ക് നൽകുകയും 12.01.2017-ൽ ഓൺലൈനായി അംഗീകാരം ലഭിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ വെറ്റിംഗ് ഓഫീസറും അംഗീകാരം നൽകി.

അപ്പലേറ്റ് കമ്മിറ്റി ഓൺലൈനായി അംഗീകരിച്ചതനുസരിച്ച് പദ്ധതി നടപ്പാക്കി. സർക്കാർ ഉത്തരവില്ലാത്തതിനാൽ 3,41,50,000/-രൂപയുടെ ചെലവിന്മേൽ ഓഡിറ്റ് കുറിപ്പെഴുതിയിരിക്കുന്നു. ഇതിന് സാധൂകരണം സംബന്ധിച്ച്

ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന് സാധൂകരണം

നൽകാവുന്നതാണെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ യോഗത്തിൽ അറിയിച്ചു.

**തീരുമാനം:-** സാധൂകരണം നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**2.5 29.11.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 3.1**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 01.11.2017-ലെ തീരുമാനപ്രകാരം (ഖണ്ഡിക 3.1) സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ പൊതു സ്ഥലങ്ങളിലെ കിണറുകൾ റീ ചാർജ്ജു ചെയ്യാനുള്ള യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകിയിരുന്നു. ഇതു സംബന്ധിച്ച ഉത്തരവ്

നടപടി:- തദ്ദേശസ്വയംഭരണ(ഡി.ഡി)വകുപ്പ്

**4.4 എരഞ്ഞോളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.05.2017-ലെ A3-5238/16-ാം നമ്പർ കത്ത് ( 1766619/2017/DA/LSGD)**

2016-17-ൽ പ്ലാസ്റ്റിക്ക് ശേഖരിച്ച് റീസൈക്ലിംഗ് യൂണിറ്റിൽ എത്തിക്കുന്നതിന് 3 കുടുംബശ്രീ പ്രവർത്തകർക്ക് പ്രതിമാസം 5000/- രൂപ നിരക്കിൽ ഓണറേറിയം നൽകിക്കൊണ്ടുള്ള പ്രോജക്ട് കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ നടപ്പാക്കി വരുന്നു. ഈ വർഷവും ഇതേ നിരക്കിൽ ഓണറേറിയം നൽകി പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. പ്രോജക്ട് നിർവഹണം രണ്ടാം വർഷത്തേയ്ക്ക് കടന്നതിനാൽ യൂസേഴ്സ് ഫീ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

**തീരുമാനം** - യൂസേഴ്സ് ഫീ അപര്യാപ്തമായതിനാൽ ഈ വർഷം കൂടി ഹോണറേറിയം നൽകാവുന്നതാണ് എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചതനുസരിച്ച് അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.7 ഇടുക്കി ജില്ലാ കളക്ടറുടെ 13.11.2017-ലെ 50/17/DPC/DPO/IDKനമ്പർ കത്തും ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.11.2017-ലെ കത്തും**

ഇടുക്കി ജില്ലാ പഞ്ചായത്ത് ''ക്ഷീര സമൃദ്ധി'' എന്ന പ്രോജക്ട് ഈ വർഷം സ്പിൽ ഓവർ ആയി തുടരുന്നുണ്ട്. ആകെ അടങ്കൽ 1.50 കോടി രൂപ. വികസനഫണ്ട് 75.00 ലക്ഷം രൂപ. 5 പേരുള്ള ഗ്രൂപ്പുകളായുള്ള ക്ഷീര കർഷകർക്ക് ബാങ്കിൽ നിന്നെടുക്കുന്ന ലോണിന് ബാക്ക് എൻഡ് സബ്സിഡി, പശുക്കളെ എല്ലാവരും വാങ്ങിച്ചുവെന്ന തിനാൽ, തുക ബാങ്കിലേയ്ക്ക് നൽകണമെന്ന ആവശ്യം സംബന്ധിച്ച്. ഇതിന്മേൽ ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ റിപ്പോർട്ട് (പഞ്ചായത്ത് ഡയറക്ടർ മുഖേന) അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകും.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്
2)പഞ്ചായത്ത് ഡയറക്ടർ

## 3. പൊതു വിഷയങ്ങൾ

==================

3.1 മാർഗ്ഗരേഖ പ്രകാരം( 03.04.2017-ലെ 80/2017/തസ്വഭവ ഖണ്ഡിക 29 പേജ് 66) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്ജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലിഫോൺ, ഇന്റർനെറ്റ്) തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയിൽ നിന്നും ഉപയോഗിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇത്തരം ചെലവുകൾക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല എന്നറിയിച്ചിട്ടുണ്ട്.

നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ ഉപയോഗം സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം ഈ ഫണ്ട് മുകളിൽ പറഞ്ഞവയ്ക്ക് ഉപയോഗിക്കാവുന്നതാണ് എന്ന് സ്പഷ്ടീകരണം നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.2 വെറ്റിംഗ്/സാങ്കേതിക അനുമതി നടപടിക്രമങ്ങൾ സുതാര്യവും വേഗത്തിലും ആക്കാൻ ബ്ലോക്ക് പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെയും ജില്ലാ പഞ്ചായത്തിലും ചില നഗരസഭകളിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരേയും ഈ വർഷം മുതൽ നിർവഹണ ഉദ്യോഗസ്ഥരാക്കിയിട്ടുണ്ട്. ഇതേപോലെ കോർപ്പറേഷനുകളിലും ക്രമീകരണം ചെയ്തിരുന്നു. പുതുതായി ഉൾപ്പെടുത്തിയ ഇത്തരം നിർവഹണ ഉദ്യോഗസ്ഥർക്ക് ട്രഷറികളിൽ നിന്നും ബിൽ തുക മാറാനും മറ്റും ഡി.ഡി.ഒ കോഡും ബിൽ ബുക്കും ആവശ്യമാണ്. ഇവർക്ക് ബിൽ ബുക്കും ഡി.ഡി.ഒ കോഡും അനുവദിക്കാനായി ഇവരുടെ വിവരങ്ങൾ ധനകാര്യ വകുപ്പിന് നൽകണമെന്ന് 15.11.2017-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിച്ചിരുന്നു.

എന്നാൽ ഒരു ഓഫീസിൽ ഒരു ഡി.ഡി.ഒ കോഡും ബിൽ ബുക്കുമേ അനുവദിക്കാൻ കഴിയൂ എന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി യോഗത്തിൽ അറിയിച്ചു. പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിൽ പട്ടികജാതി വികസന ഓഫീസർമാർക്കും ഇതേ പ്രശ്നമുണ്ട്. ഇതിന്മേൽ പിന്നീട് ചർച്ച ചെയ്യാൻ തീരുമാനിച്ചു.

നടപടി: തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ

3.3 ലൈഫ് മിഷന്റെ ഭാഗമായി പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണത്തിന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ മാറ്റിവച്ച തുക അപര്യാപ്തമാണ് എന്ന് കോഓർഡിനേഷൻ കമ്മിറ്റി വിലയിരുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മതിയായ തുക കണ്ടെത്തുന്നതിന് പ്രത്യേക ക്രമീകരണം ചെയ്യുന്നതിന്റെ ഭാഗമായി 15.11.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനമനുസരിച്ച് (ഖണ്ഡിക 3.12) ലൈഫ് പദ്ധതി പ്രകാരം പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണത്തിന് ഫണ്ട് തികയാതെ വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷത്തേയ്ക്ക് മാത്രം പ്രസ്തുത ആവശ്യത്തിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ പരമാവധി 50 ശതമാനം തുക വരെ നിബന്ധനകൾക്ക് വിധേയമായി ഉപയോഗിക്കാൻ അനുമതി നൽകിയിരുന്നു.

ഇങ്ങനെ ക്രമീകരണം നടത്തിയാലും തുക അപര്യാപ്തമായി വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ഏതൊക്കയാണെന്നും ഇപ്പോൾ മാറ്റിവച്ചിരിക്കുന്ന തുക, ഇനി ആവശ്യമുള്ള തുക എത്ര തുടങ്ങിയ വിവരങ്ങൾ നൽകണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോട് ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം | | | പൂർത്തീകരിക്കേണ്ട വീടുകളുടെ എണ്ണം | ആവശ്യമായ തുക | വകയിരുത്തിയ തുക | അധികമായി ആവശ്യമുള്ള തുക |
|---|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | 371 | 8,148 | 120,61,75,242 | 29,28,74,350 | 91,33,00,892 |
| 2 | ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം | 85 | 12,804 | 198,37,16,539 | 73,09,04,787 | 125,28,11,752 |
| 3 | ജില്ലാപഞ്ചായത്തുകളുടെ എണ്ണം | 14 | 824 | 7,80,00,000 | 2,26,00,000 | 5,54,00,000 |
| 4 | മുനിസിപ്പാലിറ്റികളുടെ എണ്ണം | 51 | 5574 | 67,64,00,000 | 9,22,67,500 | 58,41,32,500 |
| 5 | കോർപ്പറേഷനുകളുടെ എണ്ണം | 2 | | | | |
| | ആകെ | 523 | 27,350 | 394,42,91,781 | 113,86,46,637 | 280,56,45,144 |

507 തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് അധികമായി തുക (280.56 കോടി രൂപ) കണ്ടെത്തേണ്ടതെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഈ തദ്ദേശഭരണസ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിക്കുന്ന മുറയ്ക്ക് ആവശ്യമനുസരിച്ച് മേഖലാ വിഭജനത്തിൽ ഇളവു ചെയ്യുന്നതിന് തീരുമാനിച്ചു. മേഖലാ വിഭജനത്തിൽ ക്രമീകരണം നടത്തേണ്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് എസ്.ആർ.ജി. മുഖേന ഐ.കെ.എം.-ൽ നൽകണം.

ലൈഫ് പദ്ധതി പ്രകാരം വീടുകളുടെ പൂർത്തീകരണത്തിന് അധിക തുക ആവശ്യമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ ഭേദഗതി ചെയ്ത് ഈ തുക കണ്ടെത്താവുന്നതാണ്. PAMY (അർബൻ)-ന് അധിക തുക വകയിരുത്തുവാനും പ്രോജക്ടുകൾ ഭേദഗതി ചെയ്യാവുന്നതാണ്.എന്നാൽ മതിയായ തുക മാറ്റി വച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഈ ആവശ്യത്തിന് ഭേദഗതി ചെയ്യാവുന്നതല്ല. ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മേഖലാ വിഭജനത്തിൽ ഇളവ് അനുവദിച്ചിട്ടില്ല. 2018 മാർച്ച് 31-നകം പൂർത്തിയാക്കാൻ കഴിയാത്ത പ്രോജക്ടുകൾ ഒഴിവാക്കുന്നതിന്/ ഭേദഗതി ചെയ്യുന്നതിനുവേണം മുൻഗണന നൽകാൻ. എന്നാൽ അത്യാവശ്യ സ്വഭാവമുള്ളതും ഒഴിവാക്കാനാവാത്തതുമായ പ്രോജക്ടുകൾ ഭേദഗതി ചെയ്യരുത്. ലൈഫ് പദ്ധതിയിൽ ഭവന പുനരുദ്ധാരണത്തിനു തുക കണ്ടെത്തുന്നതിനു മാത്രമേ വാർഷിക പദ്ധതി ഭേദഗതി അനുവദിക്കുകയുള്ളൂ. മറ്റു ഭേദഗതികൾ ഡി.പി.സി. പരിഗണിക്കേണ്ടതില്ല.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

3.4 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി ഓൺലൈനായി വാങ്ങിയിരുന്നുവെങ്കിലും ഈ പ്രോജക്ടുകൾ ഡി.പി.സി.ക്ക് അംഗീകാരത്തിനായി 22.11.2017-നകം സമർപ്പിച്ചിരുന്നില്ല. ഇങ്ങനെ അംഗീകാരത്തിന് സമർപ്പിക്കാത്ത തദ്ദേശസ്വയം

ഭരണ സ്ഥാപനങ്ങൾ അവരുടെ പ്രോജക്ടുകൾ 23.12.2017-നകം ഡി.പി.സിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.5 ഹാബിറ്റാറ്റ് മുഖേന നടത്തുന്ന കെട്ടിട നിർമ്മാണ പ്രവർത്തികൾക്ക് (cost effective technology) സാങ്കേതികാനുമതി നൽകുന്നതിൽ അവ്യക്തത നിലനിൽക്കുന്നുണ്ട്. ഇത് സംബന്ധിച്ച പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കിക്കൊണ്ട് ഹാബിറ്റാറ്റ് കത്തു നൽകണം. ഇതിന്മേൽ പിന്നീട് ഉത്തരവിറക്കുന്നതാണ്.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.6 കോട്ടയം ജില്ലയിൽ എസ്.സി.എസ്.പി. പ്രോജക്ടുകളുടെ നിർവഹണ പുരോഗതി വളരെ പുറകിലാണെന്ന് യോഗം വിലയിരുത്തി. ജില്ലാ പട്ടികജാതി വികസന ഓഫീസർ പ്രത്യേകമായി ഇടപെടൽ നടത്തണം.

നടപടി: തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

3.7 അടാട്ട് ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികളുടേയും ഭവന നിർമ്മാണ പ്രവർത്തികളുടേയും ഭവന നിർമ്മാണത്തിന്റേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിക്കുന്നു എന്ന് യോഗം വിലയിരുത്തി. ഇതു പരിശോധിച്ച് ആവശ്യമായ നടപടി എടുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

## 4. പ്രത്യേക വിഷയങ്ങൾ

======================

### 4.1 പാറശ്ശാല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.11.2017-ലെ B/11104/17-ാം നമ്പർ കത്ത്

2016-17-ൽ അംഗീകാരം ലഭിച്ച് 2017-18 –ൽ സ്പിൽ ഓവറായി തുടരുന്ന നെടിയാംകോട് ട്രാൻസ് ഫോർമർ ചാമവിള റോഡ് മെറ്റലിംഗ്& ടാറിംഗ് (പ്രോ.നം.60/18– അടങ്കൽ 3,42,000/- രൂപ) എന്ന പ്രോജക്ടിൽ ടാറിംഗിനു പകരം കോൺക്രീറ്റിംഗ് ആക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.
ധനവകുപ്പിന്റെ ഉത്തരവു പ്രകാരം ഭേദഗതി വരുത്തിയാൽ 2017-18-ലെ വിഹിതം ഉപയോഗിക്കേണ്ടി വരും.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

### 4.2 കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.10.2017-ലെ A.S.113/17-ാം നമ്പർ കത്ത് (D1/923/2017/LSGD)

i) പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലാപ് ടോപ് നൽകുന്നതിന് 2016-17-ൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. (പ്രോ.നം.149/17) ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. കഴിഞ്ഞവർഷം തെരഞ്ഞെടുക്കപ്പെട്ട ചിലർ

കോഴ്സ് പൂർത്തിയാക്കി. ഇവർക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

ii) കഴിഞ്ഞ വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിലുള്ള പട്ടിക വിഭാഗത്തിലെ വിദ്യാർത്ഥികളിൽ ചിലർ TTC, DEd, ജനറൽ നഴ്സിംഗ് & മിഡ് വൈഫറി കോഴ്സ് തുടങ്ങിയവയ്ക്ക് പഠിക്കുന്നവരും ഉണ്ട്. മാർഗരേഖയിൽ ഈ കോഴ്സിനു പഠിക്കുന്നവരെ ഉൾപ്പെടുത്തിയിട്ടില്ല. ഇവർക്കുകൂടി ലാപ് ടോപ് വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

## 4.3 ആരക്കുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.11.2017-ലെ കത്ത്

2016-17-വർഷം ഗാർഹിക കുടിവെള്ള കണക്ഷൻ നൽകാനായി 5,52,000/- രൂപയുടെ പ്രോജക്ടിന് (പ്രോ.നം. 57/17) അംഗീകാരം ലഭിച്ചിരുന്നു. 95 കുടുംബങ്ങൾക്ക് ധനസഹായം നൽകി. ഇനിയും 1,72,000/- രൂപ മിച്ചമുണ്ട്. ഈ വർഷം സ്പിൽ ഓവറായി പ്രോജക്ട് തുടരുന്നുണ്ട്. കഴിഞ്ഞ വർഷം ഗാർഹിക കണക്ഷന് 38 ഗുണഭോക്താക്കൾ കൂടി അപേക്ഷ നൽകിയെങ്കിലും അവർ കഴിഞ്ഞ വർഷത്തെ ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. എന്നാൽ ഈ വർഷത്തെ ഗ്രാമസഭാ ലിസ്റ്റിൽ അവർ ഉൾപ്പെട്ടിട്ടുണ്ട്. ഇവർക്കു കൂടി ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

## 4.4 ആരക്കുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.12.2017-ലെ A2- 1727/2017(2) - നമ്പർ കത്ത്

കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തി വരുന്ന ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് 12.5 % നിരക്കിൽ സെന്റേജ് ചുമത്തുന്നുണ്ട്. എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജ്ജും 2.5 % എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5 % സെന്റേജ് ചാർജ്ജായി ഈടാക്കാമെങ്കിലും പി.ഡബ്ല്യു.ഡി. മാന്വൽ ഖണ്ഡിക 1601.4 പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5 % തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല എന്ന് കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് കുറിപ്പെഴു തിയിരിക്കുന്നു. പി.ഡബ്ല്യു.ഡി. മാന്വൽ കേരള വാട്ടർ അതോറിറ്റിക്ക് ബാധകമാണ്. ഇതിന്റെ സ്പഷ്ടീകരണം സംബന്ധിച്ച്

**തീരുമാനം :-** ഓഡിറ്റ് ഡയറക്ടർ ഇതു പരിശോധിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് റിപ്പോർട്ടു നൽകണം. പിന്നീട് പരിഗണിക്കും.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

**4.5 ആരക്കുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.12.2017-ലെ കത്ത്.**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് വിവാഹ ധനസഹായം നൽകുന്നതിന് 2017-18-ൽ പഞ്ചായത്ത് പ്രോജക്ട് വച്ചിട്ടുണ്ട്. C.T. രാജൻ, ചെമ്പനാതണ്ടേൽ, മേമടത്ത് എന്ന വ്യക്തി മകളുടെ വിവാഹം കഴിഞ്ഞ് മൂന്ന മാസത്തിനുശേഷമാണ് ധനസഹായത്തിന് അപേക്ഷ നൽകിയത്. ഇവർക്കു കൂടി ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.6 കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.10.2017-ലെ കത്ത് ( DA1/916/2017/LSGD)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാനുള്ള പ്രോജകട് 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.പ്രൊഫഷണൽ വിദ്യാർത്ഥികൾക്കൊപ്പം TTC/D.Ed.വിദ്യാർത്ഥികൾക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം -** അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.7 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡിന്റിന്റെ 30.11.2017-ലെ P1/315/2017/TDP നമ്പർ കത്ത്**

2017-18 വാർഷിക പദ്ധതിയിലെ വെറ്റിംഗ് ഓഫീസറും അപ്പലേറ്റ് കമ്മിറ്റിയും നിരസിച്ച താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് അംഗീകാരം സംബന്ധിച്ച്.

(i) പ്രോ.നം. 1469/18 - ഹരിത കേരളം - ജലശ്രീ - സമ്പൂർണ്ണ ജല സുരക്ഷാ പദ്ധതി – 1.20 കോടി രൂപ (വികസന ഫണ്ട്)

വീടുകളുടെ കിണർ റീ ചാർജിംഗും പൊതു സ്ഥാപനങ്ങളിലെ കിണർ റീ ചാർജ്ജിംഗും ആണ് ലക്ഷ്യം

**തീരുമാനം -** നിലവിലെ നിരക്കനുസരിച്ച് ധനകാര്യ വിശകലനത്തിലും പ്രവർത്തനങ്ങളിലും വ്യക്തത വരുത്തി പ്രോജക്ട് ഡി.പി.സിയ്ക്ക് സമർപ്പിക്കണം. ഡി.പി.സി. തീരുമാനപ്രകാരം നടപ്പാക്കണം.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

(ii) പ്രോ.നം. 1474/18 - അക്ഷരമാല - അടങ്കൽ 20,00,000/- രൂപ (വികസന ഫണ്ട്)

ഓരോ വിഷയങ്ങളിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രീ ടെസ്റ്റിലൂടെ കണ്ടെത്തി അവർക്കായി വിദഗ്ധ അദ്ധ്യാപകരുടെ കീഴിൽ ഓരോ വിഷയത്തിനും വർക്ക് ഷീറ്റ് തയ്യാറാക്കി പ്രത്യേക പരിശീലനം നൽകുന്ന താണ് പ്രവർത്തനം

**തീരുമാനം-** വിശദമായ പ്രോജക്ട് സഹിതം സമർപ്പിക്കണം. പരിഗണിച്ചില്ല.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

(iii) പ്രോ.നം.1147/18 - ലൈബ്രറി പുസ്തകങ്ങൾ സോഫ്റ്റ് വെയർ ഉപയോഗിച്ച് ക്രമീകരിക്കൽ - അടങ്കൽ 5.00 ലക്ഷം രൂപ (തനത് ഫണ്ട്)

**തീരുമാനം -** അപ്പലേറ്റ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. അപ്പലേറ്റ് കമ്മിറ്റിക്ക് സമർപ്പിക്കണം.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

4.8 **വരാപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.10.2017-ലെ A2-350/17-ാം നമ്പർ കത്തും 25.09.2017-ലെ 1(9), 1(10) എന്നീ നമ്പരുകളിലെ ഭരണ സമിതി തീരുമാനങ്ങളും (ഗവ. ഫയൽ)**

(i) പാലിയേറ്റീവ് വിഭാഗത്തിലെ നിർദ്ധനരായ കുടുംബങ്ങൾക്ക് ആവശ്യമായ വാട്ടർ ബെഡ്, വീൽ ചെയർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** വീണ്ടും ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ/ആരോഗ്യ കേന്ദ്രത്തിന്റെ ഉടമസ്ഥത യിൽ വാങ്ങി രോഗികൾക്ക് ആവശ്യമനുസരിച്ച് നൽകാൻ അനുമതി നൽകുന്നു. വാട്ടർ ബെഡ് വാങ്ങി നൽകാൻ പ്രത്യേക അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

(ii) ഈ വർഷം ഗാർഹിക മാലിന്യ സംസ്കരണത്തിനായി ജൈവ ഭരണി വിതരണം ചെയ്യുന്നുണ്ട്. മാർഗ്ഗരേഖ പ്രകാരം ഇതിന്റെ ഗുണഭോക്തൃ വിഹിതം 50 ശതമാനമാണ്. ഇത് 10% ആക്കി കുറയ്ക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** നിരസിച്ചു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

4.9 **വേളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.11.2017-ലെ A1/4759/17-ാം നമ്പർ കത്ത് (സർക്കാർ ഫയൽ)**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽസും വിദഗ്ധ തൊഴിലാളികളുടെ കൂലിയും നൽകുന്നതിന് അലോട്ട്മെന്റ് വളരെ വൈകിയാണ് ലഭിക്കുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തനത് ഫണ്ടിൽ നിന്ന് അഡ്വാൻസായി തുക ചെലവു ചെയ്യുകയും തൊഴിലുറപ്പ് പദ്ധതി തുക ലഭ്യമാകുമ്പോൾ തനത് ഫണ്ടിലേയ്ക്ക് മാറ്റുന്നതിനും അനുമതി സംബന്ധിച്ച്

**തീരുമാനം -** അനുമതി നിരസിച്ചു

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

4.10 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.10.2017-ലെ P1-315/2017/TDP നമ്പർ കത്ത്

താഴെപ്പറയുന്ന പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചുവെങ്കിലും വെറ്റിംഗ് ഓഫീസറും സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയും അംഗീകരിച്ചിട്ടില്ല. ഇവയ്ക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

(1) പ്രോ.നം. 167/18 - പ്രതിഭാ സംഗമം - അടങ്കൽ 25.00 ലക്ഷം രൂപ ( വികസനഫണ്ട്)

കഴിഞ്ഞ വർഷം (2016-17) എസ്.എസ്.എൽ.സി, പ്ലസ് 2, വി.എച്ച്.എസ്.ഇ തലങ്ങളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ 1832 കുട്ടികൾക്ക് മെമെന്റോയും, സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസും പൊതു വേദിയിൽ വച്ച് നൽകുന്നു (ചെലവ് 7,32,800/- രൂപ). കൂടാതെ 100 ശതമാനം വിജയം കൈവരിച്ച സ്കൂളുകൾക്ക് 57,000/- രൂപ വീതം ധനസഹായം നൽകുന്നു (ചെലവ് 17,67,200/- രൂപ) ഇതാണ് പ്രവർത്തനം ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം:-** മൊമെന്റോയും സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസും നൽകാൻ വികസനഫണ്ട് ഉപയോഗിക്കാവുന്നതല്ല. സ്കൂളുകൾക്ക് ധനസഹായം നൽകുന്നതിനു പകരം ആസ്തി /ഉപകരണങ്ങൾ നൽകുന്ന രീതിയിലാക്കി പ്രോജക്ട് ഭേദഗതി ചെയ്ത് ഡി.പി.സി.യ്ക്ക് സമർപ്പിക്കണം.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

(2) പ്രോ.നം 157 - മെച്ചപ്പെട്ട വിദ്യാഭ്യാസം - അടങ്കൽ 20.00 ലക്ഷം രൂപ (വികസനഫണ്ട്)

നാലാം ക്ലാസ്സിൽ കൂടുതൽ മാർക്ക് നേടുന്ന കുട്ടികൾക്ക് രക്ഷാകർത്താക്കളുടെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ചാം ക്ലാസ്സുമുതൽ പ്ലസ് 2 വരെ ബോർഡിംഗ് സൗകര്യമുള്ള സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക യാണ് ലക്ഷ്യം. കുട്ടികളുടെ ട്യൂഷൻ ഫീസ്, പഠനോപകരണങ്ങൾ, യൂണിഫോം, താമസം, ആഹാര ചെലവ്, ഒരു വർഷത്തിൽ 3 തവണ വീട്ടിൽ പോയി വരുന്നതിന് യാത്രാ ചെലവ് എന്നിവയാണ് പ്രവർത്തനം. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം -** ഇത് തിരുവനന്തപുരം പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ മുഖേന റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.11 കേരള നിലത്തെഴുത്ത് ആശാൻ സംഘടനയുടെ അമ്പലപ്പുഴ താലൂക്ക് കമ്മിറ്റി സെക്രട്ടറിയുടെ 08.10.2010.-ലെ കത്തും വിവിധ താലൂക്ക് കമ്മിറ്റിക്ക് നൽകിയ കത്തുകളും**

കേരളത്തിലെ അംങ്കണവാടികളിലും പ്രീ-പ്രൈമറി സ്കൂളുകളിലും പഠിക്കുന്ന കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതുപോലെ നിലത്തെഴുത്ത് കളരികളിൽ പഠിക്കുന്ന കുട്ടികൾക്കും ഇവ നൽകണമെന്നും ഈ കുട്ടികൾക്കും സ്കോളർഷിപ്പും അലവൻസും അനുവദിക്കണമെന്ന ആവശ്യവും സംബന്ധിച്ച്

**തീരുമാനം -** ഇത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

നടപടി: 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ

**4.12 ഫിഷറീസ് ഡയറക്ടറുടെ 30.08.2017-ലെ A3/12829/2016-ാം നമ്പർ കത്ത് (LSGD DA1/686/2017-LSGD)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മാർക്കറ്റുകളുടെ ആധുനികവൽക്കരണം സംബന്ധിച്ച് 16.05.2017-ൽ ബഹു. ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാന പ്രകാരം താഴെപ്പറയുന്ന കാര്യങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയ്ക്ക് നൽകിയിട്ടുണ്ട്.

(i) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മാർക്കറ്റുകളുടെ ദൈനദിന നടത്തിപ്പ് മേൽ നോട്ടം വഹിക്കുന്നതിന് ഓരോ മാർക്കറ്റ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരണം സംബന്ധിച്ച്
കരട് ബില്ലിൽമാർക്കറ്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയുടെ ഘടന താഴെപറയും പ്രകാരമാണ്.(ഫയൽനം.RD1/185/2017//LSGD)

| | | | |
|---|---|---|---|
| i | Head of the Grama panchayat/Municipality, Division member of Municipal Corporation | - | Chairman |
| ii | Head of Matshyabhavan having jurisdiction over the area | - | Member Secretary |
| iii | Food Safety Officer | - | Member |
| iv | Two elected members of Grama Panchayat /Municipality as nominated by its head from nearby costal wards | - | Member |
| v | An officer from Matsya fed | - | Member |
| vi | Representative of two fisherman, trade unions | - | Member |
| vii | Representative of two fish allied workers trade unions | - | Member |
| viii | One representative of Fish merchants | - | Member |

| | | | |
|---|---|---|---|
| ix | One representative of Fish consumer | - | Member |

ഇതു സംബന്ധിച്ച് കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്ത് താഴെപ്പറയുന്ന ഭേദഗതി നിർദ്ദേശിക്കാൻ തീരുമാനിച്ചു.

Reg. Point No. (i) — കോർപ്പറേഷന്റെ കാര്യത്തിൽ ഡിവിഷൻ മെമ്പറെ ചെയർമാനാക്കുന്നതിനു പകരം വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെ അദ്ധ്യക്ഷനാക്കുന്നത് പരിഗണിക്കേണ്ടതാണ്

നടപടി:തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

Reg. Point No. (iv) — രണ്ടു ജനപ്രതിനിധികളെ അംഗങ്ങളായി നാമനിർദ്ദേശം ചെയ്യുന്നു എന്നിടത്ത് ബന്ധപ്പെട്ട വാർഡ് മെമ്പർ നിർബന്ധമായും ഉണ്ടാകണമെന്ന ഭേദഗതി പരിഗണിക്കേണ്ട താണ്.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

(ii) 18.01.2017-ലെ 134/2017/തസ്വഭവ ഉത്തരവ് പ്രകാരം മത്സ്യ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഉത്തരവ് താഴെ പറയും പ്രകാരമാണ്.

" തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകൃത മത്സ്യ തൊഴിലാളികൾക്കും കുടുംബങ്ങൾക്കും നൽകുന്ന ആനുകൂല്യങ്ങൾക്ക് പട്ടികവർഗ്ഗ വിഭാഗത്തിന്റേതിന് തുല്യമായ മാനദണ്ഡങ്ങൾ പാലിക്കേണ്ടതും ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് മത്സ്യ ബന്ധന വകുപ്പ് നൽകുന്ന ലിസ്റ്റിൽ നിന്നും നിർവഹണ ഉദ്യോഗസ്ഥൻമാരെ നിശ്ചയിക്കാവുന്നതും" എന്നാണ് 03.04.2017-ലെ 80/2017/തസ്വഭവ പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ഈ ഉത്തരവു പ്രകാരം ആനുകൂല്യങ്ങൾ നൽകാവുന്നതാണ് എന്ന് പറഞ്ഞിട്ടില്ല എന്നതിനാൽ മാർഗ്ഗരേഖയിൽ മാറ്റം വരുത്തണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം -** മാർഗ്ഗരേഖ പരിഷ്കരിക്കുമ്പോൾ ഇതു കൂടി പരിഗണിക്കുന്നതാണ്.

നടപടി: തദ്ദേശസ്വയംഭരണ (........) വകുപ്പ്

## 4.13 റെയ്ഡ്കോ മാനേജിംഗ് ഡയറക്ടറുടെ 29.11.2017-ലെ നം. M.D 2911/1/2017-18/LSGD അക്രഡിറ്റഡ് നമ്പർ കത്ത്

ശുചിത്വ മിഷൻ വഴി നടപ്പിലാക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ, വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ, റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ, ഇൻസിനേറ്ററുകൾ, ഗ്യാസ് ക്രിമിറ്റോറിയം എന്നിവ റെയ്ഡ്കോ നിർമ്മിക്കുകയും വിതരണം/ ഇൻസ്റ്റലേഷൻ നടത്തുകയും ചെയ്യുന്നുണ്ട്. ഈ മേഖലയിലെ

അക്രഡിറ്റഡ് ഏജൻസിയായി റെയ്ഡ്കോയെ അംഗീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം -** ഇത് വിശദമായി പരിശോധിച്ച് പിന്നീട് തീരുമാനമെടുക്കുന്നതാണ്.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.14 റെയ്ഡ്കോ മാനേജിംഗ് ഡയറക്ടറുടെ 29.11.2017-ലെ നം. M.D 2911 - 4/1/2017-18/SGD1 നമ്പർ കത്ത്**

കേരള അഗ്രോ മിഷണറി കോർപ്പറേഷൻ (കാംകോ) യുടെ ഉൽപ്പന്നങ്ങളുടെ കേരളത്തിലെ അംഗീകൃത വിതരണ ഏജൻസിയാണ് റെയ്ഡ്കോ. കാംകോ ഉത്പാദിപ്പിക്കുന്ന ഉപകരണങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് റെയ്ഡ്കോ വഴി വാങ്ങാനുള്ള അനുമതി വേണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം -** സമാനമായ മറ്റ് ഉപകരണങ്ങളും റെയ്ഡ്കോ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനാൽ അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.15 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 25.09.2017-ലെ E3/3377/17/TDP നമ്പർ കത്ത് ( LSGD- DB1/347/2017- LSGD)**

ജില്ലാ പഞ്ചായത്ത് നടപ്പാക്കി വരുന്ന സ്നേഹധാര എന്ന പദ്ധതിയിൽ ശാരീരിക മാനസിക വൈകല്യം നേരിടുന്ന കുട്ടികളെ ചികിത്സിക്കുന്നു. സ്നേഹധാര പദ്ധതിയുടെ ഭാഗമായി ഒരു ആംബുലൻസ് വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** അനുമതി നിരസിച്ചു. വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.16 ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ 13.11.2017-ല A2-1350/2017-ാം നമ്പർ കത്ത് (LSGD - DC1 /671/2017-LSGD)**

ബ്ലോക്ക് തലത്തിലും മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിലും സ്ഥാപിക്കുന്ന റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) പ്രവർത്തനത്തിന് വയബിലിറ്റി ഗ്യാപ് ഫണ്ട് ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ക്ലീൻ കേരള കമ്പനി നൽകിയ സാമ്പത്തിക വിശകലന പ്രകാരം ഒരു സെന്ററിന് ഒരു വർഷത്തേയ്ക്കുള്ള ചെലവ് 19,80,000/- രൂപയും (1,65,000 X12 മാസം) പ്ലാസ്റ്റിക്കും മറ്റും വിറ്റ് കിട്ടുന്ന വരവ് ഒരു വർഷം 18,72,000/- രൂപയും (1,56,000 X12 മാസം) ആണ്. അധികമായി വരുന്ന വാർഷിക ചെലവ് 1,08,000/- രൂപ. ലാഭകരമല്ലാത്ത സാധനങ്ങൾ കൈകാര്യം ചെയ്യുന്നതുമൂലം കമ്പനിക്കു വരുന്ന വാർഷിക ചെലവ് 1,04,000/- രൂപ. ആകെയുള്ള വാർഷിക നഷ്ടം 2,12,000/- രൂപ.

ഈ തുക ത്രിതല പഞ്ചായത്തുകൾ സംയുക്തമായോ തനിച്ചോ വകയിരുത്താനും നഗരസഭകൾ തനിച്ചു വകയിരുത്താനും അനുമതി നൽകണമെന്നതു സംബന്ധിച്ച്

നടപടി: തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

**4.17 ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ 31.10.2017-ലെ 1275/HKM/2017 -ാം നമ്പർ കത്ത്**

ഹരിത കർമ്മ സേനയെ സഹായിക്കുന്നതിനു ഹരിത സഹായ സ്ഥാപനം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഒരു ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളും ഒരു യൂണിറ്റായി കണക്കാക്കി 152 യൂണിറ്റുകളും 3 മുനിസിപ്പാലിറ്റുകൾ ഒരു യൂണിറ്റായി കണക്കാക്കി 87 മുനിസിപ്പാ ലിറ്റികൾക്കുമായി 29 യൂണിറ്റും കോർപ്പറേഷനുകൾക്ക് 6 യുണിറ്റും എന്ന നിലയിൽ ആകെ 187 ഹരിത സഹായ സ്ഥാപനം രൂപീകരിക്കുകയാണ് ലക്ഷ്യം. ആദ്യ 2 വർഷക്കാലത്തേയ്ക്കാണ് ഹരിത സഹായ സ്ഥാപനം രൂപീകരിക്കേണ്ടത്. ഇതിൽ ആദ്യത്തെ വർഷത്തിൽ ആവശ്യമായ തുക താഴെ പറയും പ്രകാരമാണ്.

A) ഒരു യൂണിറ്റിന്റെ ഒരു മാസത്തെ ചെലവ്

| | | |
|---|---|---|
| സാങ്കേതിക വിദഗ്ധന് വേതനം | - | 50,000/- രൂപ |
| കോഓർഡിനേറ്റർക്ക് വേതനം | - | 40,000/- |
| ടെക്നീഷ്യന് വേതനം | - | 30,000/ |
| യാത്രാ ചെലവ് (3 പേർക്ക്) | - | 40,000/- |
| ഓഫീസ് വാടക, സ്റ്റേഷനറി,വൈദ്യുതി തുടങ്ങിവ | - | 10,000/- |
| **ആകെ** | - | **1,70,000 രൂപ** |
| | | ========== |

B) 187 യൂണിറ്റിന്റെ ചെലവ് (1,70,000 x 187 =3,17,90,000/- രൂപ

C) ഒരു വർഷത്തെ ചെലവ് (3,17,90,000x 12 =38,14,80,000/- രൂപ

ഈ തുക ഗ്രാമപഞ്ചായത്തുകൾ തുല്യ വിഹിതം നൽകുന്ന തരത്തിലോ ത്രിതല പഞ്ചായത്തുകൾ സംയുക്തമായോ നൽകണം. നഗരസഭകൾ സ്വന്തമായും നൽകണം. ഇപ്രകാരം തുക തദ്ദേശഭരണ സ്ഥാപനങ്ങൾ വികസന ഫണ്ട് /തനത് ഫണ്ടിൽ നിന്ന് വകയിരുത്താൻ അനുമതി സംബന്ധിച്ച്

നടപടി: തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

**4.18 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.11.2017-ലെ 2152/C1/2016/SM നമ്പർ കത്തും ശുചിത്വ മാലിന്യ സംസ്കരണ പദ്ധതിയുടെ സംസ്ഥാനതല കർമ്മ സേനാ യോഗത്തിന്റെ 20.09.2017-ലെ മിനിട്സും (LSGD/DC1/664/2017- LSGD)**

ഹരിത കേരള മിഷൻ സംസ്ഥാനതല കർമ്മസേന യോഗ തീരുമാനപ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി വികസന ഫണ്ടിൽ നിന്നും വകയിരുത്തുന്ന തുകയുടെ

പരമാവധി 5 % വരെ ഐ.ഇ.സി ( Information Education Communication - വിവര വിജ്ഞാന സ്ഥാപന) പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാവുന്നതാണ് എന്ന് സംസ്ഥാനതല കർമ്മസേനയുടെ 07.11.2017-ലെ യോഗം തീരുമാനിച്ചിട്ടുണ്ട്. ഇതിന് അനുമതി സംബന്ധിച്ച്

**മുകളിൽ ക്രമ നമ്പർ 16,17,18 ആയി തന്നിട്ടുള്ള വിഷയങ്ങൾ കൂടാതെ ഹരിത മിഷനുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രോജക്ട് 29.11.2017-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിച്ചിരുന്നു.**

(i) ഹരിത കർമ്മസേന രൂപീകരിക്കുന്നതിന് വയബിലിറ്റി ഫണ്ട് നൽകൽ

**തീരുമാനം:-** മുകളിൽ പറഞ്ഞ 4 പ്രോജക്ടുകൾക്ക് ധന വകുപ്പിന്റെ അനുമതി ആവശ്യമുള്ളതാണ്.ഇവ പ്രത്യേകമായി ചർച്ച ചെയ്ത് പിന്നീട് തീരുമാനമെടുക്കുന്നതാണ്

നടപടി: തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

**4.19 കടങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 16.03.2016-ലെ കത്തും 05.04.2017-ലെ A42456/16-ാം നമ്പർ കത്തും (LSGD- DB3/364/2016-LSGD)**

2008-09 വർഷം സർക്കാർ അനുമതിയോടെ ഒരു ആംബുലൻസ് പഞ്ചായത്ത് വാങ്ങി. ആംബുലൻസിന്റെ നടത്തിപ്പും പരിപാലന ചുമതലയും പഞ്ചായത്ത് നേരിട്ട് നടത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** ഇതുവരെയുള്ള വരവും ചെലവും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.20 മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 22.11.2017-ലെ കത്ത്**

പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിലിനു പോകുന്നതിന് ധനസഹായം നൽകാൻ 13,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ നൽകാവുന്ന നിരക്ക് 50,000/- രൂപയാണ്. പട്ടികജാതി വികസന വകുപ്പിലെ നിരക്കായ 1.00 ലക്ഷം രൂപ ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം-** പട്ടികജാതി വികസന വകുപ്പിലെ നിരക്കനുസരിച്ച് നൽകാവുന്നതാണ്.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**4.21 അടിമാലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.11.2017-ലെ A3- 666/2017-ാം നമ്പർ കത്ത്**

സമ്പൂർണ്ണ പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന്റെ ഭാഗമായി കുടുംബശ്രീ മുഖേന എല്ലാ വീടുകളിലും തുണി സഞ്ചികൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. 35 രൂപയുടെ ബാഗാണ് വിതരണം ചെയ്യുന്നത്. ബാഗ് ഒന്നിന് 5 രൂപ നിരക്കിലും ഒരു ബാഗിന് 10 രൂപ സബ്സിഡിയും നൽകാൻ 1,50,000/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

നടപടി: തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

**4.22 തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 07.12.2017-ലെ A2/6500/ 17- നമ്പർ കത്ത്**

2017-18 വാർഷിക പദ്ധതിയിൽ പുല്ലൂരാംമ്പാറ മേലേ പൊന്നാങ്കയം ആദിവാസി കോളനി റോഡ് റീ ടാറിംഗ് എന്ന പ്രോജക്ട് റ്റി.എസ്.പി. ഫണ്ട് ഉപയോഗിച്ച് എടുത്തിട്ടുണ്ട് (പ്രോ.നം. 235/18 - അടങ്കൽ 2,45,700/- രൂപ). പട്ടിക വർഗ്ഗ സങ്കേതത്തിലെ മുഴുവൻ കുടുംബങ്ങളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരാണ്. മാർഗ്ഗരേഖ പ്രകാരം പട്ടികവർഗ്ഗ കോളനിയിൽ റോഡു നിർമ്മാണം പാടില്ലാത്തതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം** 100 ശതമാനവും പട്ടികവർഗ്ഗ കുടുംബങ്ങൾ ആയതിനാൽ പ്രത്യേക അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.23 ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 17.11.2017-ലെ കത്ത്**

ഐ.എ.വൈ. ഗുണഭോക്താക്കളിൽ ടോയ് ലറ്റ് പണി പൂർത്തിയാക്കിയ 566 ഗുണഭോക്താക്കൾക്ക് 4600/- രൂപ വീതം നൽകാനുണ്ട്. ശുചിത്വ മിഷനിലേയ്ക്ക് തുക ആവശ്യപ്പെട്ടപ്പോൾ 137 ഗുണഭോക്താക്കളിൽ 4,600/ - രൂപ ക്രമത്തിൽ 6,30,000/- രൂപ നൽകി. ഇനിയും 429 ഗുണഭോക്താക്കൾക്ക് കൂടി നൽകാനുണ്ട്. 02.10.2016-നുശേഷം കരാർ വച്ച 221 ഗുണഭോക്താക്കൾ വേറെയും ഉണ്ട്. ഇവർക്ക് 12,000/- രൂപ നിരക്കിൽ തുക നൽകണം. ശുചിത്വ മിഷനിൽ നിന്ന് ഇതിനുള്ള തുക ആവശ്യപ്പെട്ടെങ്കിലും നൽകിയില്ല. അതിനാൽ ബ്ലോക്ക് പഞ്ചായത്ത് താഴെ പറയും പ്രകാരം വികസനഫണ്ടിൽ നിന്ന് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും വെറ്റിംഗ് ഓഫീസറും അപ്പലേറ്റ് കമ്മിറ്റിയും അനുമതി നൽകിയിട്ടില്ല. പ്രത്യേക അനുമതി സംബന്ധിച്ച്

| | | | |
|---|---|---|---|
| 1 | പ്രോ.നം.42/18/IAY | ടോയ് ലറ്റ് ധനസഹായം (ജനറൽ) | 27,00,000/- രൂപ |
| 2 | പ്രോ.നം.44/18/IAY | ടോയ് ലറ്റ് ധനസഹായം (എസ്.സി.എസ്.പി) | 7,10,000/- രൂപ |
| 3 | പ്രോ.നം.45/18/IAY | ടോയ് ലറ്റ് നിർമ്മാണം ( റ്റി.എസ്.പി) | 5,00,000/- രൂപ |

**തീരുമാനം -** കേന്ദ്ര സഹായം ലഭിക്കാത്ത സാഹചര്യത്തിൽ അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.24 കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.10.2017-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.08.2017-ലെ തീരുമാനവും (ഖണ്ഡിക 3.59)**

താഴെപ്പറയുന്ന റോഡുകൾ പഞ്ചായത്ത് വിഹിതവും പൊതു സ്വകാര്യ പങ്കാളിത്തത്തോടെയും Bitumen Macadam and Bitumen Concrete ( BM &BC) സ്പെസിഫിക്കേഷൻ പ്രകാരം നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു.

ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.08.2017- പരിഗണിച്ചിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്തുകളിൽ BM &BC സ്പെസിഫിക്കേഷൻ പ്രകാരം റോഡ് നിർമ്മാണം/ പുനരുദ്ധാരണം നടത്തേണ്ടതില്ലെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശി

ച്ചിരുന്നു. 8 മീറ്റർ വീതിയിൽ ആണ് റോഡ് നിർമ്മിക്കുന്നതെന്നും അതിനാൽ അനുമതി നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

| ക്രമ നം | പ്രോജക്ട് നം. | പേര് | പഞ്ചായത്ത് വിഹിതം | അടങ്കൽ |
|---|---|---|---|---|
| 1 | 108/18 | താമരച്ചാൽ ബൈപാസ് സേവനപ്പടി ലിങ്ക് റോഡ് നവീകരണം. | 25,00,000/- | 38,27,000/- |
| 2 | 109/18 | കിഴക്കമ്പലം ബസ് സ്റ്റാൻഡ് - വൺവേ റോഡ് നവീകരണം | 15,00,000/- | 15,00,000/- |
| 3 | 119/18 | പൂക്കോളമുക്ക് റോഡ് നവീകരണം | 40,00,000/- | 51,00,000/- |
| 4 | 114/18 | ആട്ടുപടി - ചിറവക്കാട് - റോഡ് നവീകരണം | 40,00,000/- | 51,00,000/- |
| 5 | 120/18 | എരപ്പുംപാറ - ആഞ്ഞിലി ചുവട് റോഡ് നവീകരണം | 50,00,000/- | 89,00,000/- |
| 6 | 123/18 | കിഴക്കമ്പലം മാർക്കറ്റ് താമരച്ചാൽ ബൈപാസ് റോഡ് നവീകരണം | 35,00,000/- | 41,00,000/- |
| 7 | 153/18 | വിലങ്ങ് - അമ്പലപ്പടി റോഡ് നവീകരണം | 25,00,000/- | 49,00,000/- |
| 8 | 162/18 | പള്ളിക്കുറി ചിറവക്കാട് റോഡ് നവീകരണം | 25,00,000/- | 42,50,000/- |
| 9 | 150/18 | ചൂരക്കോട് ബൈപാസ് റോഡ് സെക്കന്റ് റീച്ച് | 25,00,000/- | 25,00,000/- |

**തീരുമാനം -** ഇതിനായി ഉപയോഗിക്കുന്ന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച സർക്കാർ മാനദണ്ഡം കൃത്യമായി പാലിക്കുന്നുണ്ടെന്ന് സെക്രട്ടറിയും നിർവഹണ ഉദ്യോഗസ്ഥനും ഉറപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

## 4.25 സേനാപതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.11.2017-ലെ B1-3/17-ാം നമ്പർ കത്ത്

2016-17 വർഷം ഒ.ഡി.എഫ് പദ്ധതി നടപ്പാക്കുന്നതിന് 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 46,97,000/- രൂപ വകയിരുത്തിയിരിക്കുന്നു. വകയിരുത്തിയിരുന്നു. ഈ തുക ശുചിത്വ മിഷനിൽ നിന്ന് തിരികെ ലഭിച്ചു. ഇത് പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഇത് യഥേഷ്ടം ചെലവഴിക്കുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം -** ധനകാര്യ കമ്മീഷന്റെ ഗ്രാന്റിന്റെ റീ ഇംബേഴ്സ്മെന്റായതിനാൽ മാർഗ്ഗരേഖ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കേണ്ട മേഖലയിലോ ലൈഫ് മിഷൻ ആവശ്യത്തിനോ ഉപയോഗിക്കേണ്ടതാണ്.

നടപടി: തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

**4.26 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 08.12.2017-ലെ DB3/753/2012/CE-തസ്വഭവ കത്ത് .**

ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2017-18-ലെ നിർമ്മാണ പ്രോജക്ടുകൾ ഇ-ടെണ്ടർ ഒഴിവാക്കി അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 13.09.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ (മിനിട്സ് ഖണ്ഡിക 4.3) ഇത് നിരസിച്ചിരുന്നു. ഇടുക്കി ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 06.12.2017-ലെ 1-ാം നമ്പർ തീരുമാനപ്രകാരം ജില്ലാ പഞ്ചായത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കാൻ ഇ-ടെണ്ടർ ഒഴിവാക്കി പത്ര പരസ്യം മുഖേന അംഗീകൃത ഏജൻസികളെ ടെണ്ടർ ക്ഷണിച്ച് കണ്ടെത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ ഇ-ടെണ്ടർ മുഖാന്തിരം നടപ്പിലാക്കാൻ നിർദ്ദേശിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം -** വീണ്ടും ഇ- ടെണ്ടർ ക്ഷണിക്കേണ്ടതാണ്. രണ്ടു തവണ ഇ-ടെണ്ടർ നടത്തിയിട്ടും ടെണ്ടർ ലഭിക്കുന്നില്ലായെങ്കിൽ മാത്രം പത്രപരസ്യത്തിലൂടെ ടെണ്ടർ വിളിച്ച് നടപ്പാക്കാവുന്നതാണ്.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.27 ഇടമലക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.11.2017-ലെ കത്തും 03.10.2017-ലെ കത്തും 1/1(4) -ാം നമ്പർ ഭരണസമിതി തീരുമാനവും**

ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ജനങ്ങൾക്ക് വീടുകളിൽ ഉപയോഗിക്കുന്നതിനായി എല്ലാ ഭവനങ്ങൾക്കും അലമാരി വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** പട്ടികവർഗ്ഗ പഞ്ചായത്തായതിനാൽ അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.28 ഇടമലക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.11.2017-ലെ കത്തും 03.10.2017-ലെ 1/1(5)-ാം നമ്പർ ഭരണസമിതി തീരുമാനവും**

പട്ടിക വർഗ്ഗ വിഭാഗത്തിലെ വനിതകളുടെ വിവാഹ ധനസഹായത്തിന് പ്രോജക്ട് ഈ വർഷം ഉണ്ട്. മതാചാര പ്രകാരമോ, കർമ്മിയുടെ നേതൃത്വത്തിലോ വിവാഹം നടക്കാത്തതുകൊണ്ട് വിവാഹം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാറില്ല. അതിനാൽ ഊരു മൂപ്പൻ , ട്രൈബൽ പ്രമോട്ടർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, എന്നിവർ ആരെങ്കിലും ഇവർ ഒന്നിച്ചു താമസിക്കുന്നു എന്ന സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ വിവാഹ ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും വിവാഹ ധനസഹായം നൽകുന്ന രീതി അവലംബിക്കാവുന്നതാണ്.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.29 ഇടമലക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.11.2017-ലെ കത്തും 03.10.2017-ലെ 1/1(3)-ാം നമ്പർ ഭരണസമിതി തീരുമാനവും**

പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന MGLC സ്കൂളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം വിദ്യാഭ്യാസ വകുപ്പ് നൽകുന്നുണ്ട്. ഈ കുട്ടികൾക്ക് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഹോസ്റ്റൽ ഉണ്ട്. ഇവിടെ ഭക്ഷണ സൗകര്യം വേണ്ട രീതിയിൽ

ഇല്ല. അതിനാൽ പ്രഭാത ഭക്ഷണവും വൈകുന്നേരത്തെ ഭക്ഷണവും നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.30 ഇടമലക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.11.2017-ലെ കത്തും 08.11.2017-ലെ 1(2)-ാം നമ്പർ ഭരണസമിതി തീരുമാനവും**

2015-16-നു മുമ്പ് തുടങ്ങിയ ചില സ്പിൽ ഓവർ പ്രോജക്ടുകൾ 2017-18ൽ ഉൾപ്പെടുത്താൻ വിട്ടുപോയി. ഇത് ഉൾപ്പെടുത്താൻ സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യം ഒരുക്കണമെന്ന് ആവശ്യം സംബന്ധിച്ച്

**തീരുമാനം -** അനുമതി നൽകുന്നു ഇതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ നൽകണം.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.31 ഇടമലക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.11.2017-ലെ കത്തും 08.11.2017-ലെ 1(3)-ാംനമ്പർ ഭരണസമിതി തീരുമാനവും**

പഞ്ചായത്തിൽ റോഡിന്റേയും മറ്റും അവസ്ഥ കാരണം പഞ്ചായത്തിന്റെ ആവശ്യത്തിന് പലപ്പോഴും വാഹനം വാടകയ്ക്ക് ലഭിക്കില്ല. ഈ സാഹചര്യത്തിൽ ഒരു ഫോർ വീൽ ഡ്രൈവിംഗ് പിക് അപ് വാഹനം വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** പ്രത്യേക അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.32 ഇടമലക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.11.2017-ലെ കത്തും 08.11.2017-ലെ 1(1)-ാം നമ്പർ ഭരണസമിതി തീരുമാനവും**

ഗ്രാമപഞ്ചായത്ത് രൂപീകരിച്ച് ആദ്യകാലങ്ങളിൽ തുടങ്ങിയ ചില പ്രോജക്ടുകൾ മുടങ്ങിക്കിടക്കുകയാണ്. ഇവയൊന്നും സ്പിൽ ഓവർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇവ കൂടി സ്പിൽ ഓവറായി ഉൾപ്പെടുത്തി പ്രവൃത്തി തുടരാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** ഇത്തരം പ്രവൃത്തികളുടെ വിവരങ്ങൾ ശേഖരിച്ച് ഇനി പൂർത്തിയാക്കേണ്ട ഭാഗത്തിന് പുതിയ എസ്റ്റിമേറ്റും പ്രോജക്ടും തയ്യാറാക്കി പ്രവൃത്തി പൂർത്തീകരിക്കാൻ നിർദ്ദേശിക്കുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.33 തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.07.2017-ലെ B2-4252/17-ാം നമ്പർ കത്തും (ലഭിച്ചത് 08.12.2017-ൽ) 17.06.2017-ലെ 28(3)-ാം നമ്പർ ഭരണ സമിതി തീരുമാനവും**

2013-14-ൽ ആരംഭിച്ച ഇ.എം.എസ്. ഭവന പദ്ധതിയിൽ 268 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. ഇതിൽ 156 കുടുംബങ്ങൾ വീടുപണി പൂർത്തിയാക്കി ഇനിയും 112 ഗുണഭോക്താക്കൾക്കു കൂടി തുക നൽകാനുണ്ട്. ഇത് സ്പിൽ ഓവറായി ഈ വർഷം എടുത്തിട്ടില്ല. കൂടാതെ പദ്ധതി തുടരാൻ ബാങ്ക് വായ്പയും എടുക്കേണ്ടതുണ്ട്. ഇതിന്റെ പലിശ സർക്കാരിൽ നിന്നാണ് തിരിച്ചടയ്ക്കേണ്ടത്.

പ്രോജക്ട് തുടരാനും പലിശ സർക്കാരിൽ നിന്ന് അടയ്ക്കാനുമുള്ള തീരുമാന മുണ്ടാകണമന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം -** ലൈഫ് പദ്ധതി തുടങ്ങുന്നതിനാൽ ഇത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനിക്കും.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.34 പിറവം മുനിസിപ്പൽ ചെയർമാന്റെ 14.11.2017-ലെ കത്ത്**

2015-16-ൽ മഴവഞ്ചേരി കനാൽ റോഡ് എന്ന പ്രോജക്ട് തനത് ഫണ്ടിൽ ഉൾപ്പെടുത്തി വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിരുന്നു. (പ്രോ.നം.193/16 അടങ്കൽ 3.00 ലക്ഷം രൂപ ) പ്രവൃത്തി പൂർത്തീകരിച്ചു. ഇതിന്റെ തുക നൽകിയിട്ടില്ല. 2016-17-ൽ ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയി 2017-18 വർഷിക പദ്ധതിയിൽ ഇത് സ്പിൽഓവറായി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

**4.35 മേലാറ്റൂർ ഗ്രാമപഞ്ചാത്ത് പ്രസിഡന്റിന്റെ 08.11.2017-ലെ കത്ത്**

പഞ്ചായത്തിൽ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് 6.60 കോടിയുടെ പ്രോജക്ട് തയ്യാറാക്കുകയും അതിന്റെ 90 ശതമാനം തുകയായ 5.94 കോടി രൂപ KURDFC-യിൽ നിന്ന് ലോൺ അനുവദിക്കുകയും ചെയ്തു. ഷോപ്പിംഗ് കേംപ്ലക്സിന്റെ 90 ശതമാനം പ്രവൃത്തിയും പൂർത്തിയായി. ഇതിന്റെ വൈദ്യുതീകരണ ത്തിന്റെ എസ്റ്റിമേറ്റ് തുക 82.00 ലക്ഷം രൂപയാണ്. വൈദ്യുതീകരണം ഭാഗികമായി നടത്താൻ 40.00 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇതിന് ഉപയോഗിക്കാവു ന്നതല്ല. തനത് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടത്താവുന്ന താണ്.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.36 മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 28.11.2017-ലെ കത്ത്**

മലപ്പുറം ജില്ലാ പഞ്ചായത്ത് ശ്മശാന നിർമ്മാണത്തിന് താഴെപ്പറയുന്ന പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ സർക്കാർ സ്ഥാപനമായ റെയ്ഡ്കോ മുഖേന നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| | | |
|---|---|---|
| 1 | പ്രോ.നം.1722/18 | ആതവനാട് ഗ്രാമപഞ്ചായത്തിലെ എസ്.സി. ശ്മശാനം |
| 2 | പ്രോ.നം.1723/18 | കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ കുറ്റപ്പാറ എസ്.സി. ശ്മശാനം |
| 3 | പ്രോ.നം.1724/18 | കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ പട്ടിയിൽ പറമ്പ് ശ്മശാനം |
| 4 | പ്രോ.നം.1725/18 | തലക്കാട് ഗ്രാമപഞ്ചായത്തിലെ പുലാരൽ ഗ്യാസ് ക്രിമിറ്റോറിയം |
| 5 | പ്രോ.നം.1726/18 | വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ കുറിയപ്പാടം ഗ്യാസ് ക്രിമിറ്റോറിയം |
| 6 | പ്രോ.നം.1730/18 | വാഴയൂർ ഗ്രാമപഞ്ചായത്തിലെ മുണ്ടകശ്ശേരി എസ്.സി. ശ്മശാനം |
| 7 | പ്രോ.നം. 1731/18 | മേലാറ്റൂർ ഗ്രാമപഞ്ചാത്തിലെ ചെമ്മാണിയോട് ഗ്യാസ് ക്രിമിറ്റോറിയം |

| | | |
|---|---|---|
| 8 | പ്രോ.നം. 1732/18 | കണ്ണമംഗലം ഗ്രാമപഞ്ചായത്തിലെ ഗ്യാസ് ക്രിമിറ്റോറിയം |
| 9 | പ്രോ.നം.1733/18 | പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ ഗ്യാസ് ക്രിമിറ്റോറിയം |
| 10 | പ്രോ.നം.647/18 | വേങ്ങര ഗ്രാമപഞ്ചായത്തിലെ ഗാന്ധിക്കുന്ന് ക്രിമിറ്റോറിയം |

**തീരുമാനം -** അനുമതി നൽകുന്നു.

നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

യോഗം വൈകുന്നേരം 4.15-ന് അവസാനിച്ചു

***********